**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 481** **28-06-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും ലഭ്യമായ അപേക്ഷകളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി ബാങ്ക് തിരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്. ആയതിനാൽ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) | എത്ര അപേക്ഷകൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കീഴിൽ ഇതുവരെ 21,085 അപേക്ഷകർക്കായി ആകെ 208.92 കോടി രൂപ സർക്കാർ സഹായമായി അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതി വരും വർഷങ്ങളിലും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (സി) | ഈ പദ്ധതി തുടരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ